നമ്പർ: ഇ.എം(2) 18242/09

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി: 02/04/2011

## സർക്കുലർ നമ്പർ: 27/2011

വിഷയം:-

സഹകരണം - പ്രാഥമിക സഹകരണ സംഘങ്ങൾ - ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന:- സർക്കാരിന്റെ 25.02.2011ലെ സ.ഉ.(പി) 36/11/സഹ. നമ്പർ ഉത്തരവ്.

സൂചനയിലെ സർക്കാർ ഉത്തരവുപ്രകാരം സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ ശമ്പളവും അലവൻസുകളും 01.04.2009 മുതൽ പരിഷ്ക്കരിച്ചിട്ടുണ്ട്. ശമ്പള പരിഷ്ക്കരണം സംബന്ധിച്ച് ചുവടെ ചേർക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

1. സൂചന ശമ്പള പരിഷ്ക്കരണ ഉത്തരവിന് 01.04.2009 മുതൽ പ്രാബല്യമുണ്ട്. പുതുക്കിയ ശമ്പള പരിഷ്ക്കരണ ഉത്തരവുപ്രകാരമുള്ള കുടിശ്ശിക 01.04.2009 മുതൽ അനുവദിയ്ക്കാവുന്നതാണ്. ഈ ശമ്പള പരിഷ്ക്കരണ ഉത്തരവിന്റെ കാലാവധി 01.04.2009 മുതൽ 31.03.2014 വരെ ആയിരിക്കും.
2. 01.04.2009 ലെയോ ഓപ്ഷൻ തീയതിയിലോ അടിസ്ഥാന ശമ്പളത്തോടൊപ്പം 24% ക്ഷാമബത്ത ലയിപ്പിച്ച് കിട്ടുന്ന തുകയുടെ 6% വർദ്ധനവ് വരുത്തേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന തുക പുതുക്കിയ ശമ്പള സ്കെയിലിൽ ഒരു സ്റ്റേജാണെങ്കിൽ ആ സ്റ്റേജിലും അല്ലെങ്കിൽ അടുത്ത സ്റ്റേജിലും അടിസ്ഥാന ശമ്പളം നിർണ്ണയിക്കേണ്ടതാണ്.
3. അഞ്ച് വർഷ സർവ്വീസിന് ഒന്ന്, പത്ത് വർഷത്തിന് രണ്ട്, ഇരുപത് വർഷത്തിന് മൂന്ന് എന്നീ ക്രമത്തിൽ പരിഷ്ക്കരിച്ച ശമ്പള സ്കെയിലിൽ പരമാവധി മൂന്ന് ഇൻക്രിമെന്റുകൾ സർവ്വീസ് വെയിറ്റേജായി അനുവദിയ്ക്കാവുന്നതാണ്. ഇൻക്രിമെന്റിനും ഹയർഗ്രേഡിനും അർഹതയുള്ള കാലയളവ് മാത്രം സർവ്വീസ് വെയ്റ്റേജിന് കണക്കാക്കേണ്ടതാണ്.

4. പരിഷ്ക്കരിച്ച ശമ്പള സ്കെയിലിൽ ശമ്പളം നിർണ്ണയിക്കുമ്പോൾ ഏതെങ്കിലും ജീവനക്കാരന്റെ അടിസ്ഥാന ശമ്പളം പുതുക്കിയ സ്കെയിലിന്റെ പരമാവധി തുകയിൽ അധികരിയ്ക്കുകയാണെങ്കിൽ പുതുക്കിയ ശമ്പള സ്കെയിലിന്റെ പരമാവധി തുകയിൽ ശമ്പളം നിർണ്ണയിക്കേണ്ടതും അധികം വരുന്ന തുക പേഴ്സണൽ പേ ആയി നിലനിർത്തേണ്ടതുമാണ്. ഈ പേഴ്സണൽ പേ, തുടർന്നു ലഭിയ്ക്കുന്ന ഇൻക്രിമെന്റിൽ ലയിപ്പിയ്ക്കാൻ പാടില്ലാത്തതാണ്. പേഴ്സണൽ പേ പിന്നീടുള്ള ശമ്പള നിർണ്ണയത്തിനും ലീവ് സാലറിയ്ക്കും ക്ഷാമബത്തയ്ക്കും പെൻഷനും കണക്കാക്കാവുന്നതാണ്. സർക്കാർ ഉത്തരവിന്റെ മൂന്നാം ഖണ്ഡികയ്ക്ക് വിധേയമായി ശമ്പള നിർണ്ണയം നടത്തുമ്പോൾ പരിഷ്ക്കരിച്ച ശമ്പള സ്കെയിലിന്റെ പ്രാരംഭ തുകയിൽ എത്തുന്നില്ലെങ്കിൽ പരിഷ്ക്കരിച്ച ശമ്പള സ്കെയിലിന്റെ പ്രാരംഭ തുകയിൽ ശമ്പള നിർണ്ണയിയ്ക്കേണ്ടതാണ്.
5. ശമ്പള പരിഷ്ക്കരണത്തിനുശേഷം വാർഷിക ഇൻക്രിമെന്റ് അനുവദിക്കുന്നതിന് ശമ്പള സ്കെയിലിന്റെ പരമാവധി ആയതിനാൽ ഇൻക്രിമെന്റ് അനുവദിക്കാൻ കഴിയാത്ത സാഹചര്യത്തിൽ അവസാനം വാങ്ങിയ ഇൻക്രിമെന്റ് നിരക്കിൽ പ്രതിവർഷം ഒന്ന് എന്ന കണക്കിൽ പരമാവധി മൂന്ന് സ്റ്റാഗ്നേഷൻ ഇൻക്രിമെന്റുകൾക്ക് അർഹതയുണ്ടായിരിക്കും.
6. ഓപ്ഷൻ തീയതി മുതൽ പരിഷ്ക്കരിച്ച ശമ്പളത്തിന്റെ അടിസ്ഥാനത്തിലാണ് ക്ഷാമബത്ത കണക്കാക്കി നൽകേണ്ടത്. എന്നാൽ ഓപ്ഷൻ തീയതി വരെ പഴയ ശമ്പള സ്കെയിലിന്റെ അടിസ്ഥാനത്തിൽ ക്ഷാമബത്ത നൽകേണ്ടതാണ്.
7. മാസ്റ്റർ സ്കെയിലും നിലവിലുള്ളതും പരിഷ്ക്കരിച്ചതുമായ ശമ്പള സ്കെയിലുകളും ശമ്പള പരിഷ്ക്കരണ ഉത്തരവിന്റെ അനുബന്ധം ക ൽ ചേർത്തിട്ടുണ്ട്. കേരള സഹകരണ ചട്ടം 188 അനുബന്ധം കകക ൽ പ്രതിപാദിക്കുന്ന വിവിധ സഹകരണ സംഘങ്ങളിലെ വ്യത്യസ്ത ക്ലാസ്സുകളിലെ തസ്തികകളുടെ നിലവിലുള്ളതും പരിഷ്ക്കരിച്ചതുമായ ശമ്പള സ്കെയിലുകൾ ഉത്തരവിലെ അനുബന്ധം കക ൽ ചേർത്തിട്ടുണ്ട്.
8. വീട്ടുവാടക ബത്തയായി അടിസ്ഥാന ശമ്പളത്തിന്റെ 10% കണക്കാക്കി പരമാവധി 1000/ രൂപ നൽകാവുന്നതാണ്.

9. സർക്കാർ ജീവനക്കാർക്ക് അനുവദനീയമായ നിരക്കിൽ സിറ്റികോമ്പൻസേറ്ററി അലവൻസ് നൽകാവുന്നതാണ്. സർക്കാർ ജീവനക്കാരുടെ നിരക്കിന് ആനുപാതികമായ 01.02.2011 മുതലുള്ള നിരക്കുകൾ ചുവടെ ചേർക്കുന്നു.

| അടിസ്ഥാന ശമ്പളം | | പ്രതിമാസ നിരക്ക് |
|---|---|---|
| 5720/ രൂപയ്ക്ക് താഴെ | - | 200/ രൂപ |
| 5720/ രൂപ മുതൽ 8200/ രൂപ വരെ | | 250/ രൂപ |
| 8200/ രൂപ മുതൽ 10355/ രൂപ വരെ | | 300/ രൂപ |
| 10355/ രൂപയ്ക്ക് മുകളിൽ | | 350/ രൂപ |

10. പ്രാഥമിക സഹകരണ സംഘം ജീവനക്കാർക്ക് സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അർഹമായ തോതിലും വ്യവസ്ഥയിലും ഹിൽട്രാക്ക് അലവൻസ് നൽകാവുന്നതാണ്. സർക്കാർ ജീവനക്കാർക്ക് അർഹമായ നിരക്കിന് ആനുപാതികമായ 01.02.2011 മുതലുള്ള നിരക്കുകൾ ചുവടെ ചേർക്കുന്നു.

| അടിസ്ഥാന ശമ്പളം | | പ്രതിമാസ നിരക്ക് |
|---|---|---|
| 6180/ രൂപ വരെ | - | 200/ രൂപ |
| 6180/ രൂപ മുതൽ 9825/ രൂപ വരെ | | 260/ രൂപ |
| 9825/ രൂപയ്ക്കു മുകളിൽ | | 280/ രൂപ |

(സർക്കാർ ജീവനക്കാർക്ക് 64% ക്ഷാമബത്ത ലയിപ്പിച്ചപ്പോൾ പ്രാഥമിക സഹകരണ സംഘം ജീവനക്കാർക്ക് 24% ക്ഷാമബത്ത മാത്രമേ ലയിപ്പിച്ചിട്ടുള്ളൂ. ആയതനുസരിച്ച് കണക്കാക്കിയ ശമ്പള സ്കെയിലിന്റെ സ്റ്റേജിലെ നിരക്കാണ് മുകളിൽ 9, 10 ഖണ്ഡികകളിൽ ചേർത്തിട്ടുള്ളത്.)

11. പ്രാഥമിക സഹകരണ സംഘം ജീവനക്കാർക്ക് മെഡിക്കൽ അലവൻസ് ആയി 1850/ രൂപ നൽകാവുന്നതാണ്. ഇക്കാര്യത്തിൽ സഹകരണ സംഘം രജിസ്ട്രാറുടെ 28/760ം നമ്പർ സർക്കുലർ നിർദ്ദേശം പാലിക്കേണ്ടതാണ്.

12. കണ്ണട വാങ്ങുന്നതിനുള്ള അലവൻസായി 1000/ രൂപ സർവ്വീസിൽ ഒരിയ്ക്കൽ മാത്രം എന്ന വ്യവസ്ഥയിൽ ജീവനക്കാർക്ക് റീ ഇമ്പേഴ്സ്മെന്റായി നൽകാവുന്നതാണ്. ഇതിന് സർക്കാർ ജീവനക്കാർക്ക് ബാധകമായ മറ്റെല്ലാ വ്യവസ്ഥകളും ബാധകമാണ്. കണ്ണട അലവൻസ് നൽകിയ വിവരം തീയതി ഉൾപ്പെടെ ജീവനക്കാരുടെ സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. മുമ്പ് കണ്ണട അലവൻസ് ലഭിച്ചിട്ടുള്ളവർക്ക് ടി ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

13. പ്രാഥമിക സഹകരണ സംഘങ്ങളിൽ കാഷ്യർ ആയി ജോലി ചെയ്യുന്ന ജീവനക്കാരന് പ്രതിമാസം 200 രൂപ നിരക്കിൽ റിസ്ക് അലവൻസ് അനുവദിയ്ക്കാവുന്നതാണ്.

14. പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാരന് എം.ബി.എ/എം.സി.എ/സി.എ. എന്നീ അധിക യോഗ്യതകളിൽ ഏതെങ്കിലും ഒന്നോ അതിലധികമോ യോഗ്യത ഉണ്ടെങ്കിൽ ഒരു അഡീഷണൽ ഇൻക്രിമെന്റ് അനുവദിയ്ക്കാവുന്നതാണ്. എന്നാൽ പ്രസ്തുത ഇൻക്രിമെന്റ് അടിസ്ഥാന ശമ്പളത്തോടൊപ്പം ലയിപ്പിയ്ക്കുകയോ മറ്റ് സർവ്വീസ് ആനുകൂല്യങ്ങൾക്ക് പരിഗണിയ്ക്കുകയോ ചെയ്യാൻ പാടില്ല. ജീവനക്കാരന്റെ ഇൻക്രിമെന്റ് നിരക്ക് മാറുന്നതനുസരിച്ച് അഡീഷണൽ ഇൻക്രിമെന്റ് തദനുസരണമായി വർദ്ധിപ്പിച്ചു നൽകേണ്ടതാണ്.

15. പ്രാഥമിക സഹകരണ സംഘങ്ങളിലെ വികലാംഗരായ ജീവനക്കാർക്ക്, സർക്കാർ ജീവനക്കാർക്ക് നൽകി വരുന്ന തോതിലും വ്യവസ്ഥയിലും കൺവെയൻസ് അലവൻസ് നൽകാവുന്നതാണ്. സർക്കാർ ജീവനക്കാർക്ക് 01.02.2011 മുതൽ പ്രതിമാസം 600 രൂപയാണ് കൺവെയൻസ് അലവൻസ്.

16. പ്രാഥമിക സഹകരണ സംഘങ്ങളിൽ ഡ്രൈവറായി ജോലി ചെയ്തുവരുന്ന ജീവനക്കാർക്ക്, സർക്കാർ സർവ്വീസിലെ ഡ്രൈവർമാർക്ക് ലഭിച്ചുവരുന്ന നിരക്കിൽ റ്റി.എ., ഡി.എ. എന്നിവയ്ക്ക് അർഹതയുണ്ടായിരിയ്ക്കും.

17. പ്രാഥമിക സഹകരണ സംഘങ്ങളിലെ പാർട്ട്-ടൈം ജീവനക്കാർക്ക് 220050/52450100/52950150/53700(15) എന്ന ശമ്പള സ്കെയിലിൽ ശമ്പള പരിഷ്ക്കരണ ഉത്തരവിലെ രണ്ടാമത്തെ ഖണ്ഡികയ്ക്ക് വിധേയമായി ശമ്പളം നിർണ്ണയിച്ചു നൽകേണ്ടതാണ്. പാർട്ട്-ടൈം ജീവനക്കാർക്ക് മറ്റ് ജീവനക്കാർക്ക് ലഭ്യമാകുന്ന നിരക്കിൽ ക്ഷാമബത്തയും വീട്ടുവാടക അലവൻസും നൽകേണ്ടതാണ്. .

18. ക്ലാർക്ക്/ടൈപ്പിസ്റ്റ് കാറ്റഗറിയിൽ താഴെയുള്ള സബ്സ്റ്റാഫിന് പൂർത്തിയാക്കിയ 8, 16, 23, 28 വർഷങ്ങളിലെ സേവനത്തിന് ഓരോന്നുവീതം ആകെ നാല് ഹയർഗ്രേഡ് നൽകാവുന്നതാണ്. ക്ലാർക്ക്/ടൈപ്പിസ്റ്റ് മുതൽ മുകളിലോട്ടുള്ള തസ്തികകൾക്ക് 8 വർഷത്തിന് ഒന്ന്, 16 വർഷത്തിന് രണ്ട് എന്നിങ്ങനെ രണ്ട് ഹയർഗ്രേഡുകൾക്ക് അർഹതയുണ്ടായിരിക്കും.

19. ഇൻക്രിമെന്റിന് അർഹതയുള്ള സേവനകാലവും മൊത്ത വേതന വ്യവസ്ഥയിൽ നിയമനത്തെ തുടർന്ന് ശമ്പളസ്കെയിൽ അനുവദിച്ചിട്ടുണ്ടെങ്കിൽ മൊത്ത വേതന വ്യവസ്ഥയിൽ സർവിസിന്റെ പരമാവധി ഒരു വർഷവും ഹയർഗ്രേഡിന് അർഹതയുള്ള സേവന കാലമായി പരിഗണിക്കാവുന്നതാണ്.

20. റേഷൻഷോപ്പ് മാനേജർ, സെയിൽസ്മാൻ, ബിൽകളക്ടർ, നൈറ്റ് വാച്ച്മാൻ, പ്യൂൺ, അറ്റന്റർ, ഡ്രൈവർ തുടങ്ങിയ ജൂനിയർ ക്ലാർക്ക് തസ്തികയ്ക്ക് താഴെയുള്ള എല്ലാ തസ്തികകളും സബ്സ്റ്റാഫ് കാറ്റഗറിയിൽ ഉൾപ്പെടുന്നതാണ്.

21. സബ്സ്റ്റാഫ് കാറ്റഗറിയിൽപ്പെട്ട സഹകരണസംഘം ജീവനക്കാർക്ക് പ്രവേശന തസ്തികയിൽ 8 വർഷം സർവ്വീസ് പൂർത്തിയാക്കുമ്പോൾ ആദ്യ ഹയർഗ്രേഡ് അനുവദിയ്ക്കാവുന്നതാണ്.

22. പ്രവേശന തസ്തികയിൽ പതിനാറ് വർഷം സർവ്വീസ് പൂർത്തിയാകുമ്പോഴോ, സബ്സ്റ്റാഫ് കാറ്റഗറിയിൽ തന്നെ ഉയർന്ന തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം ലഭിച്ച് എട്ട് വർഷം പൂർത്തിയാകുമ്പോഴോ രണ്ടാമത്തെ ഹയർഗ്രേഡ് അനുവദിയ്ക്കാവുന്നതാണ്.

23. സബ്സ്റ്റാഫ് കാറ്റഗറിയിൽ പ്രവേശന തസ്തികയിൽ 23 വർഷം പൂർത്തീകരിക്കുമ്പോൾ മൂന്നാമത്തെ ഹയർഗ്രേഡ് അനുവദിയ്ക്കാവുന്നതാണ്.

24. സബ്സ്റ്റാഫ് വിഭാഗത്തിൽ തുടരുന്ന (സബ്സ്റ്റാഫ് കാറ്റഗറിയിലെ ഉദ്യോഗക്കയറ്റം ഉൾപ്പെടെ) 28 വർഷം സർവ്വീസ് പൂർത്തിയാക്കുന്ന ജീവനക്കാർക്ക് നാലാമത്തെ ഹയർഗ്രേഡ് അനുവദിക്കാവുന്നതാണ്.

25. സബ്സ്റ്റാഫ് കാറ്റഗറിയ്ക്ക് മുകളിലുള്ള സഹകരണ സംഘം ജീവനക്കാർക്ക് പ്രവേശന തസ്തികയിൽ എട്ട് വർഷം സർവ്വീസ് പൂർത്തിയാക്കുമ്പോൾ ആദ്യ ഹയർഗ്രേഡ് അനുവദിയ്ക്കാവുന്നതാണ്.

26. സബ്സ്റ്റാഫ് കാറ്റഗറിയ്ക്ക് മുകളിലുള്ള സഹകരണ സംഘം ജീവനക്കാർക്ക് പ്രവേശന തസ്തികയിൽ പതിനാറ് വർഷം സർവ്വീസ് പൂർത്തീകരിക്കുമ്പോഴോ ആദ്യ ഉദ്യോഗക്കയറ്റം ലഭിച്ച് എട്ട് വർഷം സർവ്വീസ് പൂർത്തീകരിക്കുമ്പോഴോ ഏതാണോ ആദ്യം വരുന്നത് അന്നുമുതൽ രണ്ടാമത്തെ ഹയർഗ്രേഡ് അനുവദിക്കാവുന്നതാണ്.

27. സമയബന്ധിത ഹയർഗ്രേഡുകളുടെ ശമ്പള സ്കെയിലുകൾ നിശ്ചയിക്കുന്നതിന് താഴെ  പറയുന്ന മാനദണ്ഡം പാലിക്കേണ്ടതാണ്.

1. ഫീഡർ കാറ്റഗറിയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗക്കയറ്റത്തിന് അർഹതയും നിശ്ചിത യോഗ്യതയുമുള്ള ജീവനക്കാർക്ക് ഫീഡർ കാറ്റഗറിയിലെ പ്രൊമോഷൻ തസ്തികയ്ക്ക് അനുബന്ധം കക ൽ നൽകിയിട്ടുള്ള അർഹതപ്പെട്ട ശമ്പള സ്കെയിൽ അനുവദിക്കാവുന്നതാണ്.
2. ഉദ്യോഗക്കയറ്റത്തിന് ഫീഡർ കാറ്റഗറി പ്രകാരം ഉയർന്ന തസ്തികയില്ലാത്ത ചീഫ് എക്സിക്യൂട്ടീവ് ഉൾപ്പെടെയുള്ള ജീവനക്കാർക്ക് എട്ട് വർഷം പൂർത്തിയാകുമ്പോൾ അനുബന്ധം ക ലെ ടിയാളുടെ  നിലവിലുള്ള ശമ്പള സ്കെയിലിന്റെ തൊട്ടു മുകളിലത്തെ സ്കെയിലും  പതിനാറു വർഷം പൂർത്തീകരിക്കുമ്പോൾ അതിന് തൊട്ടു മുകളിലത്തെ ശമ്പള സ്കെയിലും അനുവദിക്കാവുന്നതാണ്.  ക്ലാർക്ക്/ടൈപ്പിസ്റ്റ്, സമാന തസ്തികകൾ എന്നിവയ്ക്ക് താഴെയുള്ള, ഉദ്യോഗക്കറ്റത്തിന് ഫീഡർ കാറ്റഗറി പ്രകാരം തസ്തികയില്ലാത്ത ജീവനക്കാർക്ക് മേൽ വിവരിച്ച പ്രകാരം 8, 16, 23, 28 വർഷങ്ങളിലെ സേവനത്തിന് നാല് സമയബന്ധിത ഹയർഗ്രേഡുകൾക്ക് ശമ്പള സ്കെയിൽ അനുവദിച്ചു നല്കാവുന്നതാണ്.
3. ഉദ്യോഗ കയറ്റത്തിന് ഫീഡർ കാറ്റഗറി പ്രകാരം തസ്തിക ഉണ്ടെങ്കിലും പ്രൊമോഷൻ തസ്തികയ്ക്ക് നിശ്ചിത വിദ്യാഭ്യാസയോഗ്യത ഇല്ലാത്ത ക്ലാർക്ക്/ടൈപ്പിസ്റ്റ്, സമാന തസ്തികകൾക്ക് താഴെയുള്ള ജീവനക്കാർക്ക്  എട്ട് വർഷം പൂർത്തിയാകുമ്പോൾ ടിയാളുകളുടെ നിലവിലുള്ള സ്കെയിലിന്റെ അനുബന്ധം ക ലെ തൊട്ടുമുകളിലുള്ള ശമ്പള സ്കെയിലും പതിനാറുവർഷം പൂർത്തിയാകുമ്പോൾ അതിന് മുകളിലുള്ള ശമ്പള സ്കെയിലും 23 വർഷം പൂർത്തിയാകുമ്പോൾ അതിനുമുകളിലുള്ള ശമ്പള സ്കെയിലും 28 വർഷം പൂർത്തിയാകുമ്പോൾ അതിനുമുകളിലുള്ള ശമ്പള സ്കെയിലും നൽകാവുന്നതാണ്.  ഇപ്രകാരമുള്ള സമയബന്ധിത ഹയർഗ്രേഡുകൾ സൂചന സർക്കാർ ഉത്തരവുപ്രകാരം ശമ്പളം പരിഷ

്ക്കരിച്ചിട്ടുള്ള എല്ലാ സഹകരണ സംഘങ്ങളുടെയും എല്ലാ ക്ലാസ്സുകളി ലുംപെട്ട ജീവനക്കാർക്കും ബാധകമായിരിക്കുന്നതാണ്.

4. സംഘങ്ങളിലെ ചീഫ് എക്സിക്യൂട്ടീവ് മേൽ നിർദ്ദേശിച്ചപ്രകാരം സമയ ബന്ധിത ഹയർഗ്രേഡ് അനുവദിക്കുന്നതിനുള്ള പട്ടിക തയ്യാറാക്കി ശു പാർശ ചെയ്ത് ആഡിറ്റർ/കൺകറന്റ് ആഡിറ്റർക്ക് നൽകേണ്ടതും, ടി യാൻ ആയത് ജീവനക്കാരന്റെ സേവനപുസ്തകം, സർക്കാർ ഉത്തരവു കൾ, സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശങ്ങൾ എന്നിവയ്ക്ക് അനുസരണമാണെന്ന് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ഇപ്രകാരം സെക്രട്ടറിയുടെ ശുപാർശ യും, ആഡിറ്റർ/കൺകറന്റ് ആ ഡിറ്ററുടെ സാക്ഷ്യപ്പെടുത്തലിന്റെയും അടിസ്ഥാനത്തിൽ സംഘം ഭര ണസമിതിയ്ക്ക് തന്നെ സമയബന്ധിത ഹയർഗ്രേഡ് അനുവദിക്കാവു ന്നതാണ്. എന്നാൽ ചീഫ് എക്സിക്യൂട്ടീവിന്റെ സമയബന്ധിത ഹയ ർഗ്രേഡ് ഇപ്രകാരം ഭരണസമിതി അനുമതി ലഭിച്ചാൽ ബന്ധപ്പെട്ട ജ നറൽ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർ/ജോയിന്റ് രജിസ്ട്രാറുടെ അംഗ ീകാരം വാങ്ങേണ്ടതാണ്.

28. പുതിയ ശമ്പള സ്കെയിലിൽ വരുന്നതിന് ജീവനക്കാർക്ക് 01.04.2009 മുതൽ 31.03.2010 വരെയുള്ള കാലയളവിൽ (രണ്ടു ദിവസം ഉൾപ്പെടെ) ഏതു തീയതിയും ഓപ്റ്റ് ചെയ്യാവുന്നതാണ്. ശമ്പള പരിഷ്ക്കരണ ഉത്തരവ് തീയതി മുതൽ മൂന്നു മാസത്തിനകം ഓപ്ഷൻ നൽകിയിരിയ്ക്കേണ്ടതാണ്. വിവിധ കാരണങ്ങളാൽ (ദീർഘകാലഅവധി, സസ്പെൻഷൻ തുടങ്ങിയവ) മേൽ കാലയളവിൽ സംഘം സർവ്വീസിലില്ലാത്ത ജീവനക്കാർ തിരികെ സർവ്വീസിൽ പ്രവേശിച്ച തീയതി മുത ൽ മൂന്നു മാസത്തിനകം ഓപ്ഷൻ നൽകേണ്ടതാണ് ഒരിയ്ക്കൽ ഓപ്ഷൻ ന ൽകിയാൽ പിന്നീട് അത് മാറ്റുന്നതിന് അനുവദിയ്ക്കുകയില്ല. എന്നാൽ ജീവ നക്കാരുടെ വീഴ്ച കൊണ്ടല്ലാതെ മുൻകാല പ്രാബല്യത്തോടു കൂടി അടിസ്ഥാന ശമ്പളവും ഇൻക്രിമെന്റ് തീയതിയും പുനർ നിർണ്ണയിക്കപ്പെടുന്ന സന്ദർഭങ്ങളിൽ മാത്രം ജീവനക്കാർക്ക് അതിനനുസൃതമായി സംഘത്തിലെ ആ ഡിറ്റർ/കൺകറന്റ് ആഡിറ്ററുടെ സാക്ഷ്യപ്പെടുത്തലിന് വിധേയമായി റീഓപ്ഷ ൻ അനുവദിയ്ക്കാവുന്നതാണ്. ഏതെങ്കിലും ജീവനക്കാരൻ പുതിയ ശമ്പള

സ്കെയിലിൽ വരുന്നതിന് യഥാസമയം ഓപ്ഷൻ നൽകാതിരുന്നാൽ 01.04.2009 ൽ ഓപ്ഷൻ നൽകിയതായി കണക്കാക്കി ശമ്പളം നിർണ്ണയിയ്ക്കുന്നതാണ്. പുതിയ ശമ്പള സ്കെയിലിൽ ശമ്പളം നിർണ്ണയിച്ച് ഒരു വർഷം പൂർത്തിയാകുമ്പോൾ മാത്രമേ അടുത്ത ഇൻക്രിമെന്റിന് അർഹതയുള്ളൂ.

29. 01.04.2009 നോ അതിനുശേഷമോ നടന്നിട്ടുള്ള നിയമനങ്ങൾ, ഉദ്യോഗക്കയറ്റങ്ങൾ എന്നിവയ്ക്ക് അതാത് തസ്തികയുടെ പുതുക്കിയ ശമ്പള സ്കെയിൽ അനുവദിച്ചു നൽകേണ്ടതാണ്. 01.04.2009 തിനുശേഷം ഉദ്യോഗക്കയറ്റം ലഭിച്ചിട്ടുള്ള ജീവനക്കാർക്ക് ഉദ്യോഗക്കയറ്റ തീയതിക്കു മുമ്പുള്ള ഏത് തീയതിയും ഓപ്റ്റ് ചെയ്യാവുന്നതാണ്.

30. മുൻ ശമ്പള പരിഷ്ക്കരണങ്ങളിൽ ശമ്പളം നിർണ്ണയിച്ചപ്പോൾ തെറ്റായി കണക്കുകൂട്ടിയതുമൂലമോ ശമ്പളം തെറ്റായി വ്യാഖ്യാനിച്ചതു മൂലമോ ജീവനക്കാരൻ അധികം വാങ്ങിയിട്ടുള്ള തുകയ്ക്ക് മുൻ ഖണ്ഡികകൾ പ്രകാരം പരിരക്ഷ ലഭിയ്ക്കുന്നതല്ല.

31. ശമ്പള പരിഷ്ക്കരണ വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും സംശയമോ അപാകതയോ ഉണ്ടെങ്കിൽ, സ്ഥാപനത്തിലെ സെക്രട്ടറിയോ മുഖ്യ ഉദ്യോഗസ്ഥനോ അതാത് ജില്ലകളിലെ ജനറൽ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാർ മുഖേന ജോയിന്റ് രജിസ്ട്രാർ (ജനറൽ)ന്റെ ശ്രദ്ധയിൽപ്പെടുത്തി മാർഗ്ഗനിർദ്ദേശം വാങ്ങേണ്ടതാണ്. പൊതുവായ വിശദീകരണമോ വ്യാഖ്യാനമോ ആവശ്യമുണ്ടെങ്കിൽ ആയത് സഹകരണസംഘം രജിസ്ട്രാറുടെ ശ്രദ്ധയിൽ പ്പെടുത്തേണ്ടതാണ്.

32. സഹകരണ സ്ഥാപനത്തിലെ ചീഫ് എക്സിക്യൂട്ടീവിന്റെയും ബാങ്കിന്റെ/സംഘങ്ങളുടെ ആഡിറ്റർ/കൺകറന്റ് ആഡിറ്ററുടെയും സാക്ഷ്യപ്പെടുത്തലിന്റെയും അടിസ്ഥാനത്തിൽ മറ്റ് ജീവനക്കാരുടെ ശമ്പളം സംഘം ഭരണസമിതി നിർണ്ണയിച്ചു നൽകേണ്ടതാണ്.

33. സംഘത്തിലെ ചീഫ് എക്സിക്യൂട്ടീവിന്റെ ശമ്പളനിർണ്ണയം, സംഘം ഭരണസമിതിയുടെ തീരുമാനത്തിന്റെയും ആഡിറ്ററുടെ സാക്ഷ്യപ്പെടുത്തലിന്റെയും അടിസ്ഥാനത്തിൽ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)/ജോയിന്റ് രജിസ്ട്രാർ(ജനറൽ) അംഗീകരിച്ചു നൽകേണ്ടതാണ്.

34. 01.04.2009 ൽ സംഘം ഏതു ക്ലാസിലാണോ ഉൾപ്പെടുത്തി ഉത്തരവായിട്ടുള്ളത് ആ ക്ലാസ്സിലെ ശമ്പളമാണ് നിർണ്ണയിച്ചുനൽകേണ്ടത്. സർക്കാരിന്റെ 04.01.2010 ലെ ജി.ഒ.(പി) 2/2010/സഹ. ഉത്തരവുപ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുള്ള ക്ലാസ്സിഫിക്കേഷൻ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ സംഘങ്ങളുടെ ക്ലാസ്സിഫിക്കേഷൻ പുതുക്കി നിശ്ചയിക്കുന്നതിന് നൽകിയിട്ടുള്ള സമയപരിധിയ്ക്കു ശേഷവും തൽസ്ഥിതിയിൽ തുടരുന്ന സംഘങ്ങൾ പുതുക്കിയ ക്ലാസ്സിഫിക്കേഷൻ വ്യവസ്ഥകൾക്കനുസരണമായി ക്ലാസ്സിഫൈ ചെയ്യുന്നതിന് സംഘം ഭരണസമിതി അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

35. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സഹകരണ സംഘങ്ങളെ സംബന്ധിച്ചടത്തോളം പ്രസ്തുത സംഘങ്ങളെ ശമ്പള പരിഷ്ക്കരണം നടപ്പാക്കുന്നതിൽ നിന്നും നിശ്ചിത കാലത്തേയ്ക്ക് ഒഴിവാക്കുന്നതിനും കാര്യകാരണ സഹിതം ബന്ധപ്പെട്ട ഭരണസമിതി തീരുമാനിച്ച് അപേക്ഷിയ്ക്കേണ്ടതും ആയത് പരിശോധിച്ച് യുക്തമെന്നു ബോദ്ധ്യപ്പെടുന്ന പക്ഷം ശമ്പള പരിഷ്ക്കരണം നടപ്പാക്കുന്നതിൽ നിന്നും ഇളവനുവാദം നിശ്ചിത കാലയളവിലേയ്ക്ക് സഹകരണ സംഘം രജിസ്ട്രാർ നൽകുന്നതുമാണ്.

മേൽ പ്രകാരമുള്ള നിർദ്ദേശങ്ങളും വിശദീകരണങ്ങളും ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ സംഘങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതും ശമ്പള നിർണ്ണയം ശരിയായ വിധത്തിൽ നടത്തിയിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. താലൂക്കിലെ ഇൻസ്പെക്ടർമാരും ആഡിറ്റർമാരും തങ്ങളുടെ അധികാര പരിധിയിൽപ്പെട്ട സഹകരണ സംഘങ്ങളിൽ ശമ്പള നിർണ്ണയം നടത്തിയിട്ടുള്ളത് പരിശോധിയ്ക്കേണ്ടതും അപാകതകൾ ശ്രദ്ധയിൽപ്പെട്ടാൽ ആയവ പരിഹരിയ്ക്കുന്നതിന് സംഘങ്ങൾക്ക് നിർദ്ദേശം നൽകേണ്ടതുമാണ്. ഇപ്രകാരം നടത്തുന്ന പരിശോധനയുടെ പൂർത്തീകരണ റിപ്പോർട്ട് ബന്ധപ്പെട്ട അസിസ്റ്റന്റ്രജിസ്ട്രാർ(ജനറൽ) ജോയിന്റ് രജിസ്ട്രാർ മുഖാന്തിരം സഹകരണസംഘം രജിസ്ട്രാർക്ക് സമർപ്പിയ്ക്കേണ്ടതാണ്.

ഒപ്പ്,
റാണിജോർജ്ജ്, ഐ.എ.എസ്.
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ്: 1. സഹകരണ ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
2. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും, എല്ലാ ജോയിന്റ് ഡയറക്ടർ (ഓഡിറ്റ്) മാർക്കും

3. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ ) മുഖേന.

4. എല്ലാ അസിസ്റ്റന്റ് ഡയറക്ടർ (ഓഡിറ്റ്) മാർക്കും(ജോയിന്റ് ഡയറക്ടർ (ഓഡിറ്റ്) മുഖേന.

5. എഡിറ്റർ, സഹകരണ വീഥി, സഹകരണസംഘം രജിസ്ട്രാർ ആഫീസ്.

6. എഡിറ്റർ, സഹകരണ ജേർണൽ, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം.

7. ഈ ആഫീസിലെ എല്ലാ ആഫീസർമാർക്കും, സെക്ഷൻ തലവന്മാർക്കും.

8. സ്റ്റോക്ക് ഫയൽ

ആജ്ഞാനുസരണം

അസിസ്റ്റന്റ് രജിസ്ട്രാർ (ഇ.എം)

**Statement of fixation of Pay Consequent on Revision of Scales of pay as per G.O.(P)36/2011/Co-op. dated: 25/02/2011.**

| | | |
|---|---|---|
| 1 | Name of Society/Bank | - |
| 2 | Classification of the Society as on 01.04.2009 | - |
| 3 | Name of employee | - |
| 4 | Designation (as on the date of option) | - |
| 5 | Date of option | - |
| 6 | Date of entry in regular service | - |
| 7 | Number of completed years of qualifying service | - |
| 8 | Existing scale of pay | - |
| 9 | Revised scale of pay (vide Annexure III | - |
| 10 | Existing basic pay | - |
| 11 | **Add** 24% DA of the Existing Basic pay | - |
| 12 | Total (Column 10 + 11) | - |
| 13 | **Add** 6% of the total in Column No. 12 towards fitment benefit | - |
| 14 | Total (Column 12 + 13) | - |
| 15 | Stage at which pay fixed in the revised scale (vide para 2 of G.O) | - |
| 16 | Service weightage if any(5 yrs-1<br>10 yrs-2<br>20 yrs-3) | - |
| 17 | Total (Column 15 + 16) | - |
| 18 | Basic Pay fixed as on option date | - |
| 19 | Additional increment if any for higher qualification<br>(vide Para II of G.O) | - |
| 20 | Date of increment | - |
| 21 | Remarks/Recommendation | - |

**Signature of the Head office**

**CERTIFICATE/RECOMMENDATION OF AUDITOR/CONCURRENT AUDITOR**

**Certified that I have verified the entries in the statement with Service Book of Sri./Smt. ..................................................(Name) .......................................................................... (Designation) and found that the fixation statement is correct and drawn as per G.O.(P)No.36/2011/Co-op. dated: 25.02.2011 and Circular No. 27/2011 of the Registrar of Co-operative Societies.**

**Name :**

**Designation:**

**Place:**

**Date:**

**Committee Resolution No. and date :.........................................................**

**Signature of the President/Administrator:**

**Approved by**

**Assistant Registrar (G)/Joint Registrar (G)**

**(Office Seal)**

# FORM OF OPTION

- (i) I ........................................................................................................ hereby elect to come

  under the Revised Scale of Rs. .............................................................................................

  with effect from ....................................

- (ii) I ........................................................................................................ hereby elect to continue

  in the existing scale of Rs. ................................................................... of my officiating

  post mentioned below will ....................................

Station :

Date :

Signature :

Name :

Designation:

- to be scored off if not application

## DECLARATION

I ............................................................................................................... hereby declare; that I am bound to refund the excess pay and allowances if any received by me due to wrong calculation or by any other means in the fixation of pay and allowances as per G.O. (P) 36/2011/Co-op. dated: 25-02-2011 and I undertake to refund such excess amount from my salary as and when directed.

Signature :

Name :

Designation: